മുൻഗണനാക്രമം വിവിധ മാനദണ്ഡങ്ങൾ അനുസരിച്ച് സോയിൽ സർവ്വേ തയ്യാറാക്കി അവ ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ ജില്ലയ്ക്കും പ്രത്യേകം വാട്ടർഷെഡ് അറ്റ്ലസ് ലഭ്യമാക്കിയിരിക്കുന്നു. അതിൽ അറിയിച്ചിരിക്കുന്ന മുൻഗണന അനുസരിച്ച് ഓരോ ജില്ലകളിലെയും ജില്ലാതല ഏകോപന സമിതി അതതു വർഷത്തേക്കുള്ള നീർത്തടങ്ങൾ തെരഞ്ഞെടുക്കുകയും അത് സമിതിയുടെ ശുപാർശ സഹിതം പശ്ചിമഘട്ട സെല്ലിലേക്ക് അനുമതിക്കായി അയച്ചുതരികയുമാണ് ചെയ്യുന്നത്. ഇപ്രകാരം ലഭിക്കുന്ന പ്രൊപ്പോസലുകൾ പശ്ചിമഘട്ട സെല്ലിൽനിന്നും ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന്റെ ആസൂത്രണ കമ്മീഷനിലേക്ക് അയയ്ക്കുകയും അംഗീകാരം തേടുകയുമാണുള്ളത്. അങ്ങനെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് കേരള ഗവൺമെന്റ് ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു. ആയതിനാൽ അനുമതി ലഭ്യമാക്കുന്നത് പൂർണ്ണമായും അതത് ജില്ലാതല ഏകോപന സമിതിയുടെ ചുമതലയിൽ വരുന്ന വിഷയമാണ്. പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിൽപ്പെട്ട റാന്നി ഗ്രാമപഞ്ചായത്തിൽ നാളിതുവരെ നീർത്തടപദ്ധതികൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ലെന്നുള്ള വിവരവും ഇതിനാൽ അറിയിക്കുന്നു.

എല്ലാ ജില്ലകളിലും സയൻസ് സിറ്റികൾ

21 (1553) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും, ശാസ്ത്രാവബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും "സയൻസ് സിറ്റികൾ" സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ കാലികമായി അവസ്ഥ വ്യക്തമാക്കാമോ ;

(സി) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് "സയൻസ് സിറ്റി" സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശാസ്ത്രാവബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ശാസ്ത്ര പോഷിണി
2. സ്കീം ഫോർ പ്രൊമോഷൻ ഓഫ് യങ്ങ് ടാലന്റ്സ് ഇൻ സയൻസ് (സ്പൈറ്റിസ്)
3. സ്റ്റുഡന്റ് പ്രോജക്ട് സ്കീം
4. ഫെല്ലോഷിപ്പ് സ്കീം

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ ജില്ലകളിലും സയൻസ് സിറ്റികൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. കൊയിലാണ്ടി നഗരസഭയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ശാസ്ത്ര പാർക്കിനായി നഗരസഭയുടെ അഭ്യർത്ഥന പ്രകാരം ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും ഭാഗിക സാമ്പത്തിക സഹായം നൽകുന്ന കാര്യം ആലോചിച്ചുവരികയും ചെയ്യുന്നു. ഇത് കൂടാതെ, പെരിന്തൽമണ്ണ കേന്ദ്രീകരിച്ചുകൊണ്ട് ഒരു സയൻസ് സെന്റർ തുടങ്ങുന്ന കാര്യവും പരിഗണനയിലുണ്ട്.

(സി) ഇത് സംബന്ധിച്ച ആലോചനകൾ നിലവിലില്ല.

റീജിയണൽ സയൻസ് സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ

22 (1554) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീജിയണൽ സയൻസ് സെന്ററുകൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം സെന്ററുകളുടെ പ്രവർത്തനം എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത റീജിയണൽ സയൻസ് സെന്ററുകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത് ?

ഉത്തരം

(എ&ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കൊയിലാണ്ടിയിൽ സയൻസ് പാർക്കും, പെരിന്തൽമണ്ണയിൽ റീജിയണൽ സയൻസ് സെന്ററും തുടങ്ങുന്നതിനുള്ള നിർദ്ദേശം പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കൊയിലാണ്ടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന സയൻസ് പാർക്കിൽ സസ്യവൈവിധ്യം പ്രദർശിപ്പിക്കുന്ന പൂന്തോട്ടവും, ഭൗതികശാസ്ത്രത്തിന്റെ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രദർശന വസ്തുക്കളും, രസതന്ത്രം, ഗണിതശാസ്ത്രം, ജൈവശാസ്ത്രം എന്നീ മേഖലകളിലെ പ്രവർത്തന മാതൃകകളും ഭൂമിശാസ്ത്രം, കാലാവസ്ഥാ ശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട വിശദീകരണങ്ങളുമാണ് ആദ്യഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. പെരിന്തൽമണ്ണയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന റീജിയണൽ സയൻസ് സെന്ററിൽ സയൻസ് ലബോറട്ടറികൾ, ഗണിത ലബോറട്ടറികൾ, ജ്യോതിശാസ്ത്ര ലബോറട്ടറികൾ, സാമൂഹ്യശാസ്ത്ര ലബോറട്ടറികൾ, പ്രവർത്തിക്കുന്ന ശാസ്ത്ര മാതൃകകൾ അടങ്ങിയ ശാസ്ത്ര പാർക്ക്, മൾട്ടിമീഡിയ തിയേറ്റർ, റഫറൻസ് ലൈബ്രറി തുടങ്ങിയവ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly